**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 393** **27-01-2026 - ൽ മറുപടിയ്ക്ക്**

**വികസന പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി മുറിച്ച് മാറ്റേണ്ടിവരുന്ന മരങ്ങളുടെ വിലനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വികസന പ്രവർത്തികൾ നടപ്പാക്കുന്നതിനായി മുറിച്ച മാറ്റേണ്ട മരങ്ങളുടെ വില നിശ്ചയിച്ച കിട്ടുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, മെഡിക്കൽ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോഡികൾ എന്നിങ്ങനെ സർക്കാർ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങളിൽ വികസനപ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്നതും, ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ചുനീക്കുന്നതിന് ജി.ഒ (ആർ.റ്റി) നം. 68/2010/വനം പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവന്നിരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ജില്ലാതല കമ്മിറ്റി മുഖേന മരങ്ങൾ മുറിച്ചുമാറ്റാൻ അനുമതി നൽകുന്നതിനും, ലേലം ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കാലതാമസവും, മരം മുറിയോടനുബന്ധിച്ചുള്ള മറ്റു സങ്കീർണതകളും ഒഴിവാക്കുന്നതിനുവേണ്ടി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങളോടെ സർക്കാർ ഉത്തരവ് (സ.ഉ(സാധാ) നം.526/2024/F &WLD ) പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | സോഷ്യൽ ഫോറസ്ട്രി വകുപ്പ് മുഖേന മുൻകാലത്ത് നടപ്പാക്കിയിരുന്ന പ്രസ്തുത മൂല്യനിർണ്ണയം ഇപ്പോൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | **തദ്ദേശസ്വയംഭരണവകുപ്പിന്റെ ഭൂമിയിൽ നിൽക്കുന്ന മരങ്ങളുടെ മൂല്യനിർണ്ണയം ആ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർക്കു നിർവ്വഹിക്കാവുന്നതാണ്.** |
| (സി) | ഉണ്ടെങ്കിൽ മരങ്ങളുടെ വില നിശ്ചയിച്ച നൽകുന്നതിനാവശ്യമായ സാങ്കേതിക പരിശീലനങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ ഇതിനായി നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (സി) | **മരങ്ങളുടെ വില നിശ്ചയിക്കുന്നതിന് സാങ്കേതിക പരിശീലനമോ മാർഗനിർദേശങ്ങളോ ആവശ്യമുള്ളപക്ഷം അതാതുപരിധിയിലുള്ള വനം വകുപ്പ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.** |

| | | | |
|---|---|---|---|
| (ഡി) | വികസന പ്രവർത്തികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി മരങ്ങളുടെ വില നിശ്ചയിക്കൽ അതിവേഗം ലഭ്യമാക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | **വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി മുറിച്ച് മാറ്റേണ്ട മരങ്ങളുടെ വില നിശ്ചയിച്ച് കിട്ടുന്നതിന് കാലതാമസം ഉണ്ടാവുന്നത് ഒഴിവാക്കുന്നതിനുവേണ്ടി വിശദമായ മാർഗ്ഗനിർദ്ദേശങ്ങളോടെ സർക്കാർ ഉത്തരവ് (സ.ഉ(സാധാ) നം.526/2024/F&W LD ) പുറപ്പെടുവിച്ചിട്ടുണ്ട്** |

സെക്ഷൻ ഓഫീസർ